

# ഖുർആൻ ബോധനം

**676**

I എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

وَيَدْعُ ٱلْإِنسَٰنُ بِٱلشَّرِّ دُعَآءَهُۥ بِٱلْخَيْرِ ۖ وَكَانَ ٱلْإِنسَٰنُ عَجُولًا ﴿١١﴾

11. മനുഷ്യൻ നന്മ തേടേണ്ടതുപോലെ തിന്മ തേടുന്നു. മനുഷ്യൻ മഹാതിടുക്കക്കാരനാകുന്നു.

وَجَعَلْنَا ٱلَّيْلَ وَٱلنَّهَارَ ءَايَتَيْنِ ۖ فَمَحَوْنَآ ءَايَةَ ٱلَّيْلِ وَجَعَلْنَآ ءَايَةَ ٱلنَّهَارِ
مُبْصِرَةً لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ وَلِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ
وَكُلَّ شَىْءٍ فَصَّلْنَٰهُ تَفْصِيلًا ﴿١٢﴾

12. ദൃഷ്ടാന്തങ്ങളന്വേഷിക്കുന്നവർക്ക് നാം രാവും പകലും രണ്ടു ദൃഷ്ടാന്തമാക്കിയിരിക്കുന്നു. രാവാകുന്ന ദൃഷ്ടാന്തം വെളിച്ചമില്ലാത്തതാക്കി. പകൽ ദൃഷ്ടാന്തം വെളിച്ചമുള്ളതുമാക്കി; നിങ്ങൾക്ക് വിധാതാവിന്റെ അനുഗ്രഹങ്ങൾ തേടാനും മാസങ്ങളുടെയും വർഷങ്ങളുടെയും, എണ്ണവും കണക്കുമറിയാൻ സാധിക്കേണ്ടതിനും. ഈവിധം സകല സംഗതിയും നാം വ്യക്തമായി വിശദീകരിച്ചിരിക്കുന്നു.

وَكُلَّ إِنسَٰنٍ أَلْزَمْنَٰهُ طَٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَٰمَةِ
كِتَٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾

13. ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ കഴുത്തിൽ ബന്ധിച്ചിരിക്കുന്നു. ഉയർത്തെഴുന്നേൽപുനാളിൽ നാം അവനു വേണ്ടി ഒരു രേഖ വെളിപ്പെടുത്തും. അത് ഒരു തുറന്ന പുസ്തകമായി അവൻ കാണുന്നു.

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

14. വായിച്ചു നോക്കൂ. നിന്റെ കർമപുസ്തകം. ഇന്നു നിന്റെ കണക്കു നോക്കാൻ നീ തന്നെ മതി.

തിന്മയെ =بِٱلشَّرِّ മനുഷ്യൻ = ٱلْإِنسَٰنُ തേടുന്ന, ആവശ്യപ്പെടുന്ന =وَيَدْعُ

മനുഷ്യൻ ആയിരിക്കുന്നു = وَكَانَ ٱلْإِنسَٰنُ അവന്റെ നന്മയെ തേടലിനെ(നന്മ തേടേണ്ടതുപോലെ) = دُعَآءَهُۥ بِٱلْخَيْرِ

പകലിനെയും =وَٱلنَّهَارَ രാവിനെ നാം ആക്കി =وَجَعَلْنَا ٱلَّيْلَ മഹാതിടുക്കക്കാരൻ(തിടുക്ക പ്രകൃതൻ) =عَجُولًا

രാവ്(ആകുന്ന)ദൃഷ്ടാന്തം =ءَايَةَ ٱلَّيْلِ നാം മായ്ച്ചു (വെളിച്ചമില്ലാത്ത) =فَمَحَوْنَآ രണ്ടു ദൃഷ്ടാന്തം =ءَايَتَيْنِ

കാണപ്പെടുന്നത് (വെളിച്ചമുള്ളത്) =مُبْصِرَةً പകൽ ദൃഷ്ടാന്തം നാം ആക്കി =وَجَعَلْنَآ ءَايَةَ ٱلنَّهَارِ

നിങ്ങളുടെ വിധാതാവിൽ നിന്നുള്ള അനുഗ്രഹം = فَضْلًا مِّن رَّبِّكُمْ നിങ്ങൾ തേടാൻ(നും) =لِّتَبْتَغُوا۟

നിങ്ങൾ(ക്ക്) അറിയാൻ സാധിക്കേണ്ടതിനും =وَلِتَعْلَمُوا۟

എല്ലാ ഓരോ സംഗതിയും =وَكُلَّ شَىْءٍ വർഷങ്ങളുടെ(യും മാസങ്ങളുടെയും)എണ്ണവും കണക്കും =عَدَدَ ٱلسِّنِينَ وَٱلْحِسَابَ

ഒരു വിശദമാക്കൽ(വ്യക്തമായി, കൃത്യമായി) =تَفْصِيلًا നാം അതിനെ വേർതിരിച്ചു(വിശദീകരിച്ചിരിക്കുന്നു) =فَصَّلْنَٰهُ

നാം അവന് അനിവാര്യമാക്കി(ബന്ധിച്ചിരിക്കുന്നു) =أَلْزَمْنَٰهُ എല്ലാ ഓരോ മനുഷ്യനെയും =وَكُلَّ إِنسَٰنٍ

അവന്റെ കഴുത്തിൽ =فِى عُنُقِهِۦ അവന്റെ ഭാഗധേയം =طَٰٓئِرَهُۥ

ഉയർത്തെഴുന്നേൽപുനാളിൽ =يَوْمَ ٱلْقِيَٰمَةِ അവനു വേണ്ടി നാം പുറപ്പെടുവിക്കും(വെളിപ്പെടുത്തും) =وَنُخْرِجُ لَهُۥ

പരത്തപ്പെട്ടതായി(തുറന്ന പുസ്തകമായി) =مَنشُورًا അതിനെ അവൻ(കാണും)കണ്ടുമുട്ടും =يَلْقَىٰهُ ഒരു ഗ്രന്ഥം(രേഖ) =كِتَٰبًا

| | |
|---|---|
| اقْرَأْ = നീ വായിച്ചു നോക്കുക | كِتَابَكَ = നിന്റെ (കർമ)പുസ്തകം | كَفَىٰ بِنَفْسِكَ = നീ തന്നെ മതിയായിരിക്കുന്നു |
| الْيَوْمَ = ഇന്ന് | عَلَيْكَ = നി(ന്നെ)ന്റെ മേൽ | حَسِيبًا = കണക്കു നോക്കുന്നവനായിട്ട് (വിചാരണ ചെയ്യാൻ) |

**11.** ഖുർആനിലും പരലോകത്തിലും അവിശ്വസിക്കുകയും, വിശ്വാസികൾക്ക് സൽഗതിയുണ്ടാകുമെന്ന സുവിശേഷവും നിഷേധികൾക്ക് ദുർഗതിയുണ്ടാകുമെന്ന മുന്നറിയിപ്പും തള്ളിക്കളയുകയുമാണ് ചിലയാളുകൾ. അതൊക്കെ വിശ്വസിക്കാൻ ദൃഷ്ടാന്തങ്ങൾ കാണിക്കണമെന്ന് അവരാവശ്യപ്പെടുന്നു. തള്ളിപ്പറഞ്ഞവർക്ക് ഇഹത്തിൽ നാശവും പരത്തിൽ നരകവുമുണ്ടെങ്കിൽ അതുരണ്ടും ഇപ്പോൾതന്നെ സംഭവിപ്പിച്ചു കാണിച്ചു തരേണമെന്നാണവർ പറയുന്നത്. വാസ്തവത്തിൽ അത്ഭുതകരമായ മൗഢ്യവും ആലോചനാശൂന്യതയുമാണിത്. രക്ഷ ലഭിക്കാനും നന്മ വരാനും ആഗ്രഹിച്ചുകൊണ്ട് അതിനുവേണ്ടി പരിശ്രമിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. അതിനു പകരം ഇക്കൂട്ടർ തേടുന്നത് തിന്മയും ദൗർഭാഗ്യവുമാണ്. ആപത്തണയാൻ വൈകുന്ന അവസരം ജീവിതം സംസ്കരിച്ച് അതിൽ നിന്ന് രക്ഷപ്പെടാൻ ഉപയോഗപ്പെടുത്തുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടിയിരുന്നത്. ഇക്കൂട്ടർ ചെയ്യുന്നതോ താക്കീതു ചെയ്യപ്പെട്ട വിപത്തുകൾ ഉടനെ വന്നു ഭവിക്കാൻ മുറവിളി കൂട്ടുകയാണ്. അവർ ചോദിക്കുന്നു: مَتَىٰ هَٰذَا الْوَعْدُ إِن كُنتُمْ صَادِقِينَ (നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ ഇനിയും എപ്പോഴാണ് ഈ ഭീഷണി പുലരുക?-*യാസീൻ* 46).

അവിശ്വാസികൾ പ്രവാചകനെ വെല്ലുവിളിച്ചുകൊണ്ട് ദൈവശിക്ഷ വരുത്തിക്കാണിക്കണമെന്നാവശ്യപ്പെടുന്നതിനെയാണീ വാക്യം പരാമർശിക്കുന്നത് എന്നത് സന്ദർഭത്തിൽ നിന്നു ലഭിക്കുന്ന ആശയമാണ്. ഗുണമർഥിക്കേണ്ടതുപോലെ ദോഷമർഥിക്കുക എന്നതിന്റെ കർതൃത്വം ഏതെങ്കിലും പ്രത്യേക വ്യക്തിയോടോ വിഭാഗത്തോടോ ചേർക്കാതെ മനുഷ്യന്റെ പൊതുസ്വഭാവമാകുന്നു എന്നറിയിക്കും മട്ടിലാണ് വചനശൈലി. ഈ മനുഷ്യ സ്വഭാവത്തിന്റെ ഏറ്റം മികച്ച ഉദാഹരണമാണ് പ്രവാചകൻ ദൈവികശിക്ഷയെക്കുറിച്ച് മുന്നറിയിപ്പു നൽകുമ്പോൾ അതൊന്നിങ്ങുവേഗം കൊണ്ടുവന്നാട്ടേ എന്ന അവിശ്വാസികളുടെ ധൃതിപ്പെടൽ. ഹസൻ(റ) ഈ വാക്യത്തെ വിശദീകരിച്ചുകൊണ്ടു പറഞ്ഞു: "മനുഷ്യൻ തന്റെ കുഞ്ഞിനും ഭാര്യക്കും എതിരായി പ്രാർഥിക്കുകയാണത്. കോപിക്കുന്നവൻ കോപത്തിനിരയായവർക്കെതിരെ പ്രാർഥിക്കുന്നു. തന്റെ ഭാര്യയെയും മക്കളെയും മുതലിനെയും തന്നെത്തന്നെയും ശകാരിക്കുന്നു. അവൻ തേടുന്നത് അല്ലാഹു നൽകുകയാണെങ്കിൽ അതവന് ഏറ്റം വലിയ ദൗർഭാഗ്യമാകുന്നു. അതിനാൽ അല്ലാഹു അത് അവനു വിലക്കുന്നു. പിന്നീടവൻ നന്മക്കു വേണ്ടി പ്രാർഥിക്കുമ്പോൾ അവൻ നൽകുകയും ചെയ്യുന്നു". നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദും ബസ്സാറും ഉദ്ധരിക്കുന്നു: "നിങ്ങൾ നിങ്ങൾക്കെതിരായി പ്രാർഥിച്ചു കൂടാ. നിങ്ങളുടെ മക്കൾക്കെതിരായും പ്രാർഥിച്ചുകൂടാ. നിങ്ങളുടെ സമ്പത്തിനെതിരായും പ്രാർഥിക്കരുത്. അല്ലാഹു ഉത്തരമരുളുന്ന സമയവും അത്തരം പ്രാർഥനയും ഒത്തുവരാനിടയാക്കരുത്. അങ്ങനെ വന്നാൽ അവൻ നിങ്ങളുടെ പ്രാർഥനയും സഫലമാക്കും".

അറബികളുടെ മുഖ്യസമ്പത്ത് കാലികളായിരുന്നു. കാലികൾ ഇടയുകയോ വല്ല നഷ്ടങ്ങളുമുണ്ടാക്കുകയോ ചെയ്താൽ അവക്കെതിരെ പ്രാർഥിക്കുകയും ശപിക്കുകയും ചെയ്യുകയാണ് മുതലിനെതിരെ പ്രാർഥിക്കൽ. തിരക്കുപിടിച്ച സന്ദർഭങ്ങളിൽ വാഹനവും മറ്റും കേടായാൽ അവയെ ശപിക്കുകയും വലിച്ചെറിയുകയുമൊക്കെ ചെയ്യുന്നവരുണ്ടല്ലോ. ഉറ്റവരോട് നൈമിഷികമായ വെറുപ്പു തോന്നിയാൽ അവരെ ശപിക്കുന്നു. അതേ ഭാര്യയും മക്കളും തന്നെയായിരിക്കും പിന്നീടയാൾക്ക് ഏറ്റവും പ്രിയപ്പെട്ട താങ്ങും തണലുമായിത്തീരുക. സങ്കീർണമായ പ്രശ്നങ്ങളും ദുഃഖങ്ങളും നേരിടുമ്പോൾ സ്വയം മരിച്ചു കിട്ടാൻ ചിലർ പ്രാർഥിക്കുന്നു. അതിനു ശേഷമായിരിക്കും ജീവിതത്തിലെ വമ്പിച്ച നേട്ടങ്ങളും വിജയങ്ങളും അയാൾക്ക് ലഭിക്കാനിരിക്കുന്നത്. അപ്പോഴൊന്നും പക്ഷേ പഴയ പ്രാർഥനകൾ അല്ലാഹു സ്വീകരിച്ചിരുന്നുവെങ്കിൽ എന്താകുമായിരുന്നു എന്ന് അധികമാരും ഓർക്കാറില്ല.

وَكَانَ الْإِنسَانُ عَجُولًا എന്ന വാക്യവും ഒരു പൊതുതത്ത്വമാണ്. മനുഷ്യൻ സ്വഭാവേന അക്ഷമനാണ്. ആർത്തി, തിടുക്കം, ധൃതി എന്നീ അർഥങ്ങളിലുള്ള عجلة-ൽ നിന്നുള്ള عاجل ന്റെ അത്യുത്തമ വാചിയാണ് عجول. ഏറെ തിടുക്കക്കാരനും ധൃതിയുള്ളവനും എടുത്തുചാട്ടക്കാരനുമാകുന്നു. ക്ഷണിക ലാഭത്തിനും ഉടനടി ലഭിക്കുന്ന പ്രതിഫലത്തിനും عاجلة എന്നു പറയും. എന്തിന്റെയെങ്കിലും ലഭ്യതക്കുവേണ്ടിയുള്ള ആർത്തിയും തിടുക്കവുമാണ് عجلة. താൻ ആഗ്രഹിക്കുന്നത്, തന്റെ പ്രയത്നഫലം ഉടനെ ലഭിക്കണമെന്ന ധൃതി മനുഷ്യ സഹജമാണ്. خُلِقَ الْإِنسَانُ مِنْ عَجَلٍ (മനുഷ്യൻ തിടുക്ക സ്വഭാവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു) എന്ന് 21:37ൽ പ്രസ്താവിക്കുന്നുണ്ട്. ഈ ദൗർബല്യത്തെ നിയന്ത്രിക്കാനും അതിജീവിക്കാനും കഴിയുന്നവർക്കേ പാരത്രികനേട്ടം സാധ്യമാകൂ എന്ന് ഈ സൂറയിലെ 18-19 സൂക്തങ്ങളിൽ പറയുന്നുണ്ട്. മനുഷ്യന്റെ സഹജമായ അക്ഷമയെയും എടുത്തുചാട്ട പ്രകൃതിയെയും നിയന്ത്രിക്കാത്തതുകൊണ്ടാണ് അവൻ നന്മക്കു പകരം സ്വന്തം തിന്മതേടിക്കൊണ്ടിരിക്കുന്നത് എന്ന് സൂചിപ്പിച്ചിരിക്കുകയാണിവിടെ.

**12.** പ്രവാചകത്വവും ഖുർആനും സത്യമാണെന്നതിന് ദൃഷ്ടാന്തമായി അവയെ നിഷേധിക്കുന്നവരുടെ മേൽ ശിക്ഷയിറക്കി കാണിക്കണമെന്നാവശ്യപ്പെട്ടവരെ, ദൈനംദിനം അനുഭവിച്ചു വരുന്ന ചില പ്രതിഭാസങ്ങളിലേക്ക് ക്ഷണിക്കുകയാണ്. ഏകദൈവത്തിനും പരലോകത്തിനുമുള്ള ദൃഷ്ടാന്തമാണ് വേണ്ടതെങ്കിൽ അത് ദൈവശിക്ഷ തന്നെ ആയിരിക്കണമെന്ന വാശിയെന്തിന്? നിങ്ങളനുഭവിക്കുന്ന പരിസ്ഥിതിയൊന്ന് ശ്രദ്ധിച്ചു നോക്കൂ. രാവവസാനിച്ച് പകലുദിക്കുകയും പകലൊടുങ്ങി രാവിരുളുകയും ചെയ്യുന്ന പ്രക്രിയ കൃത്യമായും വ്യവസ്ഥാപിതമായും നിരന്തരം ആവർത്തിക്കുന്നതു കാണുന്നില്ലേ? അത് നിസ്സാര ദൃഷ്ടാന്തമാണോ? രാവു വന്ന് നിങ്ങൾക്ക് വിശ്രമത്തിന്റെയും സമാധാനത്തിന്റെയും മെത്ത വിരിച്ചു തരുന്നു.

അതിൽ നിങ്ങൾ പകലത്തെ ക്ഷീണവും മുഷിപ്പുമകറ്റി ആശ്വാസവും സുഖനിദ്രയും നേടാൻ. അതിനുവേണ്ടി അവൻ രാവിനെ ഇരുളടഞ്ഞതും അടങ്ങിയതുമാക്കിയിരിക്കുന്നു. അനന്തരം പകലുദയം ചെയ്യുമ്പോൾ നവോന്മേഷത്തോടെ ഉണർന്നെണീറ്റ് ജീവിതവൃത്തികളിലേർപ്പെട്ട് അല്ലാഹുവിന്റെ അനുഗ്രഹം തേടണം. അതിനാൽ പകലിനെ വിധാതാവ് വെളിച്ചമുള്ളതാക്കി സംവിധാനിച്ചു.

محونا യുടെ ഭാഷാർഥം നാം മായ്ച്ചു എന്നാണ്. പകലിലുണ്ടായിരുന്ന വെളിച്ചത്തെ മായ്ച്ചുകളഞ്ഞുവെന്നാൽ ഇരുട്ടുള്ളതാക്കി എന്നു താൽപര്യം. ചില പൂർവ പണ്ഡിതന്മാർ ഇതിനെ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്. ആദിയിൽ അല്ലാഹു സൂര്യനെയും ചന്ദ്രനെയും ഒരുപോലെ വെളിച്ചം ചൊരിയുന്ന ദീപങ്ങളായിട്ടായിരുന്നു സൃഷ്ടിച്ചത്. അനന്തരം ചന്ദ്രന്റെ വെളിച്ചം മായ്ച്ചുകളഞ്ഞു. അതിന്റെ തിളക്കം മാത്രം നിലനിർത്തി. ചന്ദ്രനിൽ കാണുന്ന കറുത്ത കലയെക്കുറിച്ചാണ് فَمَحَوْنَآ ءَايَةَ ٱلَّيْلِ എന്ന് പറഞ്ഞതെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. സന്ദർഭത്തിൽ നിന്ന് വ്യക്തമാകുന്ന ആശയം നാം ആദ്യം പറഞ്ഞതാണ്.

സൂക്തത്തിന്റെ ആദ്യ ഖണ്ഡത്തിൽ فَمَحَوْنَآ ءَايَةَ ٱلَّيْلِ എന്നതിനുശേഷം مظلمة لتستريحوا എന്നൊരുവാക്യം അനുക്താമായിരിക്കുന്നു. തുടർന്നുവരുന്ന لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ എന്ന വാക്യം ആ അർഥത്തിലുള്ള ഒരനുക്തത്തെ സൂചിപ്പിക്കുന്നുണ്ട്. നിങ്ങൾക്കു വിശ്രമം ലഭിക്കുന്നതിനുവേണ്ടി രാവിനെ നാം ഇരുട്ടുള്ളതും നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം തേടി പ്രയത്നിക്കുന്നതിനുവേണ്ടി പകലിനെ വെളിച്ചമുള്ളതുമാക്കി എന്നാകും അപ്പോൾ അർഥം.

രാപ്പകലുകൾ കൃത്യ സമയങ്ങളിൽ വ്യവസ്ഥാപിതമായി ഉളവായിക്കൊണ്ടിരിക്കുന്നതിന്റെ മറ്റൊരു പ്രയോജനത്തെക്കുറിച്ചുണർത്തുകയാണ് وَلِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ. അതുവഴി നിങ്ങൾക്ക് മാസങ്ങളും വർഷങ്ങളും നിർണയിക്കാനും മറ്റു കണക്കുകളറിയാനും. ഋതുഭേദങ്ങൾ കണക്കാക്കുക, ഉത്സവാദികളുടെ സമയം നിർണയിക്കുക തുടങ്ങിയവയാണ് മറ്റു കണക്കുകൾ. രാപ്പകൽ ഭേദം ഇല്ലായിരുന്നുവെങ്കിൽ എന്തിനെ ആധാരമാക്കിയാണ് മനുഷ്യൻ കാലഗണന നടത്തുക? എന്തെങ്കിലും കാര്യത്തിന് സമയം നിർണയിക്കുന്നത് എന്തടിസ്ഥാനത്തിലായിരിക്കും?

ചുറ്റും കാണപ്പെടുന്ന ഈ ദൃഷ്ടാന്തങ്ങൾക്കു പുറമെ, മനുഷ്യ ജീവിതത്തിനാവശ്യമായ എല്ലാ കാര്യങ്ങളും ഈ വേദത്തിലൂടെ വിശദമാക്കിത്തന്നിട്ടുണ്ട് അല്ലാഹു. യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിച്ചു നോക്കുന്നവർക്ക് തൃപ്തികരമായ ഉത്തരം ലഭിക്കാൻ മതിയായതാണീ വേദം. ഇതാണ് وَكُلَّ شَىْءٍ فَصَّلْنَـٰهُ تَفْصِيلًا എന്ന വാക്യത്തിന്റെ സാരം. ഖുർആൻ ഈയൊരു സന്ദർഭത്തിൽ മാത്രമല്ല രാപ്പകൽ മാറ്റത്തിന്റെ യാഥാർഥ്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. മറ്റു ചില സൂക്തങ്ങളിൽ ഈ പ്രതിഭാസത്തിന്റെ വേറെ ചില വശങ്ങൾകൂടി പരാമർശിക്കുന്നുണ്ട്. ഉദാഹരണമായി, വൈരുധ്യങ്ങളോടൊപ്പം വൈരുധ്യങ്ങൾക്കിടയിൽ കാണപ്പെടുന്ന പാരസ്പര്യം സ്രഷ്ടാവ് ഏകനാണെന്നതിന് തെളിവായി ഉന്നയിക്കുന്നു. രാവിനു ശേഷമുള്ള പകലിന്റെ ആഗമനത്തിലൂടെ മരണാനന്തര ഉയിർത്തെഴുന്നേൽപ്പിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇത്തരം കാര്യങ്ങളുടെ വിശദീകരണം ഈ സൂക്തത്തിനു മുമ്പും വന്നിട്ടുണ്ട്. ഇനിയും പല സ്ഥലങ്ങളിൽ വരാനുമുണ്ട്.

**13,14.** لزم (അനിവാര്യമായി, നിർബന്ധമായി, ബന്ധിതമായി, ബാധ്യതയായി)യുടെ സകർമകരൂപമാണ് ألزم. ഒരു കാര്യത്തിന്റെ ഒഴിവാക്കാനാവാത്ത ഭാഗമോ ഗുണമോ ഉത്തരവാദിത്വമോ ആയ സംഗതികളെ അതിന്റെ لوازم എന്നുപറയുന്നു. അത്തരം സംഗതിയെ അതിൽ ചുമത്തുകയാണ് إلزام. വ്യാകരണ ഭാഷയിൽ കർമം കർത്താവിൽ തന്നെ ചേർന്നു നിൽക്കുന്ന ക്രിയയെ لازم എന്നുപറയുന്നു. ഓരോ മനുഷ്യന്റെയും ഭാഗധേയം അവന്റെ തന്നെ ഒഴിവാക്കാനോ ഒഴിഞ്ഞുമാറാനോ പറ്റാത്ത അനിവാര്യമായ ഉത്തരവാദിത്വമാക്കിയിരിക്കുന്നു എന്നാണ് وَكُلَّ إِنسَـٰنٍ أَلْزَمْنَـٰهُ طَـٰٓئِرَهُۥ എന്ന വാക്യത്തിന്റെ സാരം.

ഭാഷാർഥത്തിൽ പക്ഷിയാണ് طَـٰٓئِرَ. പൗരാണിക അറബികൾ പക്ഷികളുടെ പറത്തം ഭാഗ്യനിർഭാഗ്യങ്ങളറിയാനുള്ള ഒരുപാധിയായി കരുതിയിരുന്നു. ഒരു ലക്ഷ്യത്തിനുവേണ്ടി ഇറങ്ങുന്നയാൾ തന്റെ മുന്നിലൂടെ ഒരു പക്ഷി വലത്തോട്ടു പറക്കുന്നതു കണ്ടാൽ ശുഭലക്ഷണമായും ഇടത്തോട്ടു പറക്കുന്നതു കണ്ടാൽ അവലക്ഷണമായും കണക്കാക്കും. ലക്ഷണമറിയാൻ ചിലർ പക്ഷികളെ അന്തരീക്ഷത്തിൽവിട്ട് അത് ഇടത്തോട്ടോ വലത്തോട്ടോ പറക്കുന്നതെന്ന് നിരീക്ഷിക്കും. ക്രമേണ നറുക്കെടുപ്പിലെ നറുക്കിനും ഒരാളുടെ പേരിൽ നറുക്കു വീഴുന്നതിനും طَـٰٓئِرَ ഉപയോഗിച്ചു തുടങ്ങി. മൈസിറിൽ പങ്കെടുക്കുന്നവരുടെ വിഹിതമറിയാൻ ഉപയോഗിക്കുന്ന അമ്പിനും ഈ പദം പറയാറുണ്ടായിരുന്നു. ഭാഗധേയം അല്ലെങ്കിൽ ഭാഗ്യനിർഭാഗ്യങ്ങളെ കുറിക്കുന്ന അടയാളം എന്ന അർഥത്തിലാണ് സാധാരണ ഉപയോഗം. ചുരുട്ടിയതിന്റെ (مطوي) വിപരീതമാണ് مَنشُورًا. തുറന്നത്, നിവർത്തിയത്, പരത്തിയത് എന്നൊക്കെ അർഥമാവാം. 'കിതാബ്' ഭാഷാർഥത്തിൽ പുസ്തകമാണെങ്കിലും ഇവിടെ വിവക്ഷ രേഖയാണ്. അതു താളുകളായുള്ള പുസ്തകമാവാം, ചിത്രങ്ങളാവാം, വീഡിയോ ഫിലിമുകൾ പോലുള്ള മറ്റെന്തെങ്കിലുമാവാം: ٱقْرَأْ كِتَـٰبَكَ (നിന്റെ കർമപുസ്തകം വായിക്കുക) എന്ന വാക്കിനെ ആസ്പദമാക്കി ആ രേഖ എഴുതപ്പെട്ട പുസ്തകം തന്നെയാണെന്നുറപ്പിക്കേണ്ടതില്ല. ഈ സൂക്തം അവതരിക്കുന്ന കാലത്ത് വസ്തുക്കളുടെ ശബ്ദവും രൂപവും തനതു രൂപത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനെക്കുറിച്ച സങ്കൽപം മനുഷ്യർക്കുണ്ടായിരുന്നില്ല. വരമൊഴിയാലുള്ള രേഖ മാത്രമേ അവരുടെ സങ്കൽപത്തിലുണ്ടായിരുന്നുള്ളൂ. ഓഡിയോ വീഡിയോ രൂപങ്ങളിലുള്ള രേഖ സൂക്ഷിപ്പ് സാധാരണമായ ഇക്കാലത്ത് മനുഷ്യന്റെ കർമപുസ്തകത്തെ അങ്ങനെയും മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞു പോയതെല്ലാം കടുകിട തെറ്റാതെ, ഒഴിഞ്ഞു പോകാതെ ഓർമയിലെത്തുന്ന രൂപത്തിലുമാകാം. അക്ഷരജ്ഞാനമില്ലാതെയും അനേക കോടികൾ മരിച്ചുപോയിട്ടുണ്ടല്ലോ. ഈ രണ്ടു രൂപത്തിലുമുള്ള രേഖകൾ അവർക്കു കൂടി വായിക്കാൻ കഴിയുന്നതാണ്.

മനുഷ്യാവസ്ഥയുമായി ബന്ധപ്പെട്ട മൗലിക യാഥാർഥ്യമാണ് ഈ പുസ്തകങ്ങൾ പ്രകാശിപ്പിക്കുന്നത്. ഓരോ വ്യക്തിയുടെയും ഭാഗധേയം, ജീവിതത്തിന്റെ ജയാപചയങ്ങളും ഭാഗ്യ

നിർഭാഗ്യങ്ങളും രൂപപ്പെടുത്തുന്നത് ആ വ്യക്തിതന്നെയാണ്. അതിനാവശ്യമായ സ്വഭാവഗുണങ്ങളോടും യോഗ്യതകളോടും കൂടിയാണ് സ്രഷ്ടാവ് അവനെ സൃഷ്ടിച്ചിരിക്കുന്നത്. ഇതു തന്നെയാണ് മനുഷ്യൻ സൂക്ഷിക്കാൻ ഏറ്റെടുത്ത നിധി.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

(ഈ അമാനത്ത് നാം ആകാശഭൂമികൾക്ക് കാണിച്ചുകൊടുത്തു. അവരതു വഹിക്കാൻ വിസമ്മതിക്കുകയായിരുന്നു. എന്നാൽ, മനുഷ്യൻ അത് വഹിച്ചു - 33:72). ഇതുതന്നെയാണ് മനുഷ്യന്റെ സ്വാതന്ത്ര്യവും. إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا (നാം അവനു വഴികാട്ടിക്കൊടുത്തു, നന്ദിയുള്ളവനാകാം, നന്ദികെട്ടവനുമാകാം - 76:3). തന്നിൽ തന്നെ നിക്ഷിപ്തമായ സ്വാതന്ത്ര്യത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും യാഥാർഥ്യവും അവയുടെ പരിധികളും കണ്ടറിയാനുള്ള കഴിവുകളും അവനു നൽകിയിരിക്കുന്നു. ആ കഴിവുകളെ സഹായിക്കാനും മാർഗദർശനം ചെയ്യാനും വേദവും പ്രവാചകനും നിയോഗിക്കപ്പെട്ടിരിക്കുന്നു. അവയുടെയെല്ലാം വെളിച്ചത്തിൽ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തെയും എങ്ങനെ സമീപിക്കുന്നുവെന്നതനുസരിച്ചാണ് അവന്റെ ഭാഗധേയം രൂപപ്പെടുന്നത്. സ്വാതന്ത്ര്യത്തെ മാത്രം പരിഗണിക്കുകയും ഉത്തരവാദിത്വത്തെ അവഗണിക്കുകയും ചെയ്താലും നേരെമറിച്ചു ചെയ്താലും ജീവിതം വഴിതെറ്റും. ഭാഗധേയം നശിക്കും. രണ്ടിനെയും സമരസപ്പെടുത്തിയ ജീവിതക്രമമാണ് ഉത്തമ ഭാഗധേയത്തിലേക്കു നയിക്കുന്നത്. ഇപ്പറഞ്ഞ സമരസപ്പെടുത്തലും പരസ്പരവിരുദ്ധമാക്കലും മനുഷ്യൻ തന്നെ ചെയ്യുന്നതാണ്. മനുഷ്യന്റെ ഓരോ കർമത്തിനും ഫലമുണ്ട്. കർമഫലം ഏറ്റെടുക്കേണ്ടത് കർത്താവാണല്ലോ. അതാണ് ഉത്തരവാദിത്വം. അതാണ് അവന്റെ ഭാഗധേയം നിർണയിക്കുന്നത്. സ്വന്തം കർമത്തിലൂടെയാണ് അവരവരുടെ ഉത്തരവാദിത്വവും സ്വാതന്ത്ര്യവും പ്രായോഗികമാകുന്നത്. അതുകൊണ്ട് സ്വകർമമാണ് സ്വന്തം ഭാഗധേയം രൂപപ്പെടുത്തുന്നത് എന്നും പറയാം.

ചില പണ്ഡിതന്മാർ طَائِرَ നെ കർമം എന്നും വ്യാഖ്യാനിച്ചിട്ടുണ്ട്. അതായത് കർമം ചെയ്യാനുള്ള കഴിവും സ്വാതന്ത്ര്യവും അല്ലാഹു ഓരോ മനുഷ്യനും നൽകിയിരിക്കുന്നു. ഓരോരുത്തരുടെയും കർമങ്ങൾക്ക് അവരവർ ഉത്തരവാദികളാകുന്നു.

ഓരോ മനുഷ്യന്റെയും ഭാഗധേയം രൂപപ്പെടുത്തുന്ന കർമജീവിതം അല്ലാഹു വളരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ലോകത്തെ ജീവിതം അവസാനിച്ച് പരലോകത്ത് ഉയിർത്തെഴുന്നേൽപ്പിക്കുമ്പോൾ അല്ലാഹു സൂക്ഷിച്ച കർമരേഖ അവന്റെ മുമ്പിൽ നിവർത്തപ്പെടുന്നു. എന്നിട്ടതു സ്വയം വായിച്ചുനോക്കാൻ അവനോടു കൽപിക്കുന്നു. ഭാഗധേയം രൂപപ്പെടുത്താൻ മാത്രമല്ല, താൻ രൂപപ്പെടുത്തിയ ഭാഗധേയം വിചാരണ ചെയ്യാനും അവൻ തന്നെ ഏൽപിക്കപ്പെടുന്നു. ആ കർമരേഖയിൽ എവിടെയും ഒരു പിശകും അവൻ കാണുകയില്ല. തന്റെ ഐഹിക ജീവിതം എങ്ങനെയായിരുന്നുവോ അത് വള്ളിപുള്ളി വിട്ടുപോകാതെ അപ്പടി മുന്നിൽ തെളിയുന്നു. അതുകാണുമ്പോൾ ഇഹലോകത്ത് സൽകർമങ്ങളനുഷ്ഠിച്ച് വിശിഷ്ട ജീവിതം നയിക്കുന്നവർ സന്തോഷപ്പുളകിതരാകുന്നു.

فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ﴿٨﴾ وَيَنقَلِبُ إِلَىٰٓ أَهْلِهِۦ مَسْرُورًا ﴿٩﴾

(അവൻ ലഘുവായി വിചാരണചെയ്യപ്പെടുകയും സന്തോഷത്തോടെ സ്വന്തക്കാരിൽ ചെന്നുചേരുകയും ചെയ്യും - 84:12,13). ദുഷ്ടജനങ്ങളോ ആ രേഖ കാണുമ്പോഴുണ്ടാകുന്ന പ്രതികരണം ഇതായിരിക്കും:

وَيَقُولُونَ يَٰوَيْلَتَنَا مَالِ هَٰذَا ٱلْكِتَٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا عَمِلُوا۟ حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا

(അവർ വിലപിക്കുന്നു: ഇതെന്തൊരു കർമരേഖ! ഞങ്ങളുടെ ജീവിതത്തിലെ ചെറുതും വലുതുമായ ഒരു ചലനവും ഇതു കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളഞ്ഞിട്ടില്ലല്ലോ. തങ്ങൾ പ്രവർത്തിച്ചതൊക്കെയും മുന്നിൽ ഹാജരായതായി അവർ കാണുന്നു. നിന്റെ നാഥൻ ആരോടും അനീതി ചെയ്യുന്നില്ല - 18:49). فَسَوْفَ يَدْعُوا۟ ثُبُورًا ﴿١١﴾ وَيَصْلَىٰ سَعِيرًا ﴿١٢﴾ (അവൻ മരണത്തെ വിളിച്ചുകൊണ്ടിരിക്കും. കത്തിക്കാളുന്ന നരകത്തിൽ ചെന്നുപതിക്കുകയും ചെയ്യും- 84:11,12). ഇങ്ങനെ മനുഷ്യൻ സ്വയം വിചാരണ ചെയ്ത് പാപപുണ്യങ്ങൾ ബോധ്യപ്പെട്ട ശേഷമാണ് അല്ലാഹുവിന്റെ വിചാരണയും രക്ഷാശിക്ഷാവിധിയും. ■